തൃശ്ശൂർ ജില്ലയിലെ റയിൽവേ പാലങ്ങൾ

587 [794] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) അടുത്തവർഷം തൃശ്ശൂർ ജില്ലയിൽ റയിൽവേ പാലങ്ങൾ പണിയുമെന്ന് കേന്ദ്രം അറിയിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര ;

(ബി) അടുത്ത വർഷം സംസ്ഥാനത്ത് എത്ര പാലങ്ങൾ എവിടെയെല്ലാം പണിയാനാണ് സംസ്ഥാനം കേന്ദ്രത്തോട് ആവശ്യപ്പെട്ടത് ;

(സി) അതിൽ എത്രയെണ്ണം പണിയുമെന്നാണ് മുൻഗണനാക്രമത്തിൽ കേന്ദ്രം സംസ്ഥാനത്തെ അറിയിച്ചിരിക്കുന്നത് ;

(ഡി) ഒല്ലൂർ റയിൽവേ പാലവും കല്ലേറ്റുംകര റയിൽവേ പാലവും അടുത്തവർഷം പണിയുമോ ;

(ഇ) ഇല്ലെങ്കിൽ ഈ പാലങ്ങൾ എന്നത്തേക്ക് പണിയാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ?

ഉത്തരം

(എ മുതൽ ഇ വരെ) റയിൽപ്പാതകളുടെ നിർമ്മാണവും സംരക്ഷണവും റയിൽവേ വകുപ്പിനാണ്. നിലവിലുള്ള റയിൽപ്പാതയിലെ പാലങ്ങൾ മാറ്റിപ്പണിയുകയോ മരാമത്തു പണികൾ നടത്തുകയോ ചെയ്യേണ്ടത് റയിൽവേ വകുപ്പ് നേരിട്ടാണ്. തൻമൂലം സംസ്ഥാനത്ത് എവിടെയെല്ലാം റയിൽവേ പാലം പണിയണം എന്നത് സംസ്ഥാന സർക്കാരിനെ അറിയിക്കാറില്ല.

റയിൽവേ മേൽപ്പാലങ്ങളോ (ആർ.ഒ.ബി.) റയിൽവേ കീഴ്പാലങ്ങളോ (ആർ.യു.ബി.) അല്ലാതെ റയിൽവേ പാലങ്ങളുടെ നിർമ്മാണത്തിൽ സംസ്ഥാനസർക്കാർ പങ്കുവഹിക്കേണ്ടതില്ല. ചോദ്യത്തിൽ പരാമർശിച്ചിരിക്കുന്നത് റയിൽവേ പാലങ്ങൾ (Railway Bridges) ആകയാൽ അതു സംബന്ധിച്ച വിവരങ്ങൾ നൽകുവാൻ സംസ്ഥാന സർക്കാരിന് നിർവ്വാഹമില്ല.

ഗാർഹികാവശ്യത്തിനുള്ള വൈദ്യുതിയുടെ ചാർജ്

588 [795] ശ്രീ. എ.സി. ഷൺമുഖദാസ് :
,, കെ കെ. ബാലകൃഷ്ണൻ :
,, സിറിയക് ജോൺ :
,, പി. വിജയദാസ് :
,, ആർ.എസ്. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ഗാർഹികാവശ്യത്തിനുവേണ്ടിയുള്ള വിദ്യുച്ഛക്തി ഒരു യൂണിറ്റിനുള്ള ചാർജ് എത്രയായിരുന്നു ;

(ബി) 1982 സെപ്റ്റംബർ മാസത്തിലും 1986 സെപ്റ്റംബർ മാസത്തിലും ഗാർഹികാവശ്യത്തിന് ഉപയോഗിച്ചുവരുന്ന വൈദ്യുതിയുടെ ഒരു യൂണിറ്റിന്റെ നിരക്കുകൾ എന്തായിരുന്നുവെന്നും എത്ര വ്യത്യാസമുണ്ടെന്നും വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly